"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷാധികാരം വിനിയോഗിച്ച് ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിൽ കരിങ്കുന്നം വില്ലേജിൽ ബ്ലോക്ക് നമ്പർ 15 ൽ റീസർവ്വെ നമ്പർ 213/4 ൽ ഉൾപ്പെട്ട 02.8328 ഹെക്ടർ ഭൂമി, കേന്ദ്രീയ വിദ്യാലയം ആരംഭിയ്ക്കുന്നതിനായി ആകെ ഭൂമിയ്ക്ക് 100/- രൂപ വാർഷിക പാട്ട നിരക്കിൽ കേന്ദ്രീയ വിദ്യാലയ സംഗതന് 30 വർഷത്തേയ്ക്ക് പാട്ടത്തിന് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**റവന്യൂ(എ) വകുപ്പ്**

സ.ഉ.(കൈ) നം.81/2025/RD തീയതി,തിരുവനന്തപുരം, 20-03-2025

---

പരാമർശം:- 1 27.07.2011 ലെ സ.ഉ (എം.എസ്) നം.280/2011/റവ നമ്പർ ഉത്തരവ്.

- 2. ഇടുക്കി ജില്ലാ കളക്ടറുടെ 29.01.2025 ലെ DCIDK/258/2025-C13 നം കത്ത്.

3. ലാന്റ് റവന്യൂ കമ്മീഷണറുടെ 04.02.2025 ലെ LR/1322/2025-LR(J1) നം കത്ത്.

**<u>ഉത്തരവ്</u>**

തൊടുപുഴ താലൂക്കിൽ കരിങ്കുന്നം വില്ലേജിൽ കേന്ദ്രീയ വിദ്യാലയം അനുവദിച്ച് ഉത്തരവായതിനെ തുടർന്ന് കേന്ദ്രീയ വിദ്യാലയ സംഗതൻ എറണാകുളം റീജിയണൽ ഡെപ്യൂട്ടി കമ്മീഷണർ 17/01/2025-ൽ ലീസ് അപേക്ഷ സമർപ്പിച്ചതിനെ തുടർന്ന് ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിൽ കരിങ്കുന്നം വില്ലേജിൽ ബ്ലോക്ക് നമ്പർ 15 ൽ റീസർവ്വെ നമ്പർ 213/4 ൽ 4.9000 ഹെക്ടർ സർക്കാർ തരിശ്ശിൽപ്പെട്ട 02.8328 ഹെക്ടർ ഭൂമി 100/- രൂപ വാർഷിക പാട്ടനിരക്കിൽ കേന്ദ്രീയ വിദ്യാലയ സംഗതന് നിർദ്ദിഷ്ട കേന്ദ്രീയ വിദ്യാലയം ആരംഭിയ്ക്കുന്നതിനായി പാട്ടത്തിന് അനുവദിക്കുന്നതിന് ജില്ലാ കളക്ടർ പരാമർശം (2) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലാന്റ് റവന്യൂ കമ്മീഷണർ പരാമർശം (3) പ്രകാരം പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

2. നിർദ്ദിഷ്ട പാട്ടഭൂമി, കരിങ്കുന്നം വില്ലേജിൽ ബ്ലോക്ക് നമ്പർ 15 ൽ റീസർവ്വെ നമ്പർ 213/4 ൽ 4.9000 ഹെക്ടർ സർക്കാർ തരിശ്ശിൽപെട്ട 02.8328 ഹെക്ടർ സ്ഥലമാണെന്നും ടി സ്ഥലം പ്ലാന്റേഷൻ - മ്രാല റോഡിൽ മ്രാല ഭാഗത്ത് തൊടുപുഴ - ഇടുക്കി റോഡിൽ നിന്നും സുമാർ 100 മീറ്റർ തെക്കുപടിഞ്ഞാറ് മാറി സ്ഥിതി ചെയ്യുന്നതായും ടി വസ്തുവിന്റെ കിഴക്ക് സർവ്വെ നമ്പർ 213/1 ൽ പ്പെട്ട സ്ഥലവും വടക്ക്, പടിഞ്ഞാറ് അതിരുകളിൽ സർവ്വെ നമ്പർ 213/4 ൽപ്പെട്ട സ്ഥലവും തെക്ക് മുട്ടം വില്ലേജും സ്ഥിതി ചെയ്യുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത വസ്തു മലങ്കര റബ്ബർ എസ്റ്റേറ്റിന്റെ ഭാഗമായി വരുന്നതും 'Garden land without road access' വിഭാഗത്തിൽ

ഉൾപ്പെടുന്നതുമാണെന്നും ടി വസ്തുവിന് ആർ ഒന്നിന് 3,96,000/- രൂപ കമ്പോളവില കണക്കാക്കാവുന്നതാണെന്നും പരാമർശ ഭൂമി ഭാവിയിൽ റവന്യു ഓഫീസുകൾ, ക്വാർട്ടേഴ്സുകൾ, മന്ദിരങ്ങൾ എന്നിവയുടെ നിർമ്മാണത്തിനോ സമീപഭാവിയിൽ ഗവൺമെന്റിനോ പൊതു ആവശ്യങ്ങൾക്കോ വേണ്ടി വരില്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

3. പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി, കാസർഗോഡ് ജില്ലയിലെ നീലേശ്വരം എന്നീ കേന്ദ്രീയ വിദ്യാലയങ്ങൾക്കായി ഭൂമി അനുവദിച്ചപ്പോൾ പ്രസ്തുത ഭൂമിക്ക് മൊത്തമായി 100/- രൂപയാണ് വാർഷികപാട്ടമായി കണക്കാക്കി സർക്കാർ ഉത്തരവായിരിക്കുന്നതെന്നും പത്തനംതിട്ട ജില്ലയിലെ കോന്നി കേന്ദ്രീയവിദ്യാലയത്തിനു 99 വർഷ കാലാവധിക്ക് അനുവദിച്ചിട്ടുള്ള വസ്തുവിനു മൊത്തമായി 100/- രൂപയാണ് വാർഷിക പാട്ട നിരക്ക് നിശ്ചയിച്ച് സർക്കാർ ഉത്തരവായിരിക്കുന്നതെന്നും മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിൽ പ്രവർത്തിക്കുന്ന കേന്ദ്രീയ വിദ്യാലയത്തിന് 99 വർഷത്തേക്ക് 100/- രൂപ വാർഷിക പാട്ടനിരക്കിൽ ഭൂമി അനുവദിച്ചിട്ടുള്ളതാണെന്നും ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കേന്ദ്രീയ വിദ്യാലയത്തിനായി നാമമാത്രമായ നിരക്കായ 100/- രൂപ വാർഷിക പാട്ടം നിജപ്പെടുത്തി ഭൂമി കൈമാറി നൽകുക എന്നതാണ് നിലവിൽ സർക്കാർ കൈക്കൊണ്ടിട്ടുള്ള നയമെന്നും ആയതു ഈ കേസിലും പിന്തുടരാവുന്നതാണെന്നും ലാന്റ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്തിരുന്നു .

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷാധികാരം വിനിയോഗിച്ച്,ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കിൽ കരിങ്കുന്നം വില്ലേജിൽ ബ്ലോക്ക് നമ്പർ 15 ൽ റീസർവ്വെ നമ്പർ 213/4-ൽ 4.9000 ഹെക്ടർ സർക്കാർ തരിശ്ശിൽപ്പെട്ട 02.8328 ഹെക്ടർ ഭൂമി, കേന്ദ്രീയ വിദ്യാലയം ആരംഭിക്കുന്നതിനായി ആകെ ഭൂമിയ്ക്ക് 100/- രൂപ വാർഷിക പാട്ട നിരക്കിൽ ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി കേന്ദ്രീയ വിദ്യാലയ സംഗതന് 30 വർഷത്തേയ്ക്ക് പാട്ടത്തിന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ .
ii) ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ പാടില്ല.
iii) ഭൂമി ഉപപാട്ടത്തിനു / തറവാടകയ്ക്ക് നല്കുവാൻ പാടില്ല
iv) ഭൂമി അനുവദിച്ച് ഒരു വർഷത്തിനുള്ളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ് .
v) ഭൂമി എല്ലാതരത്തിലുള്ള കൈയ്യേറ്റങ്ങളിൽ നിന്നും സ്ഥാപനം തന്നെ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കേണ്ടതാണ് .
vi) ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടില്ല . അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുമതി വാങ്ങിയശേഷമേ മുറിക്കുവാൻ പാടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ മൂന്നിരട്ടി എണ്ണം വൃക്ഷതൈകൾ നട്ടു വളർത്തി പരിപാലിക്കേണ്ടതാണ് .
viii) പാട്ടതുക എല്ലാ സാമ്പത്തിക വർഷത്തിന്റെയും ആദ്യ മൂന്നു മാസത്തിനുള്ളിൽ തന്നെ ഒടുക്കേണ്ടതാണ് . പാട്ട വസ്തുവിൽ നിന്നും ഭാവിയിൽ റോഡ് വികസനം , സർവ്വീസ് ലൈനുകൾ സ്ഥാപിക്കൽ , മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് സ്ഥലം ആവശ്യമായി വരികയാണെങ്കിൽ ആയത് നിർബന്ധമായും നഷ്ടപരിഹാരം കൂടാതെ സർക്കാരിന് നല്കേണ്ടതാണ് .

viii) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

1. ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം.
3. ജില്ലാ കളക്ടർ,ഇടുക്കി.
4. ഡെപ്യൂട്ടി കമ്മീഷണർ, കേന്ദ്രീയ വിദ്യാലയ സംഗതൻ, റീജിയണൽ ഓഫീസ്,എറണാകുളം.
5. ഉന്നത വിദ്യാഭ്യാസ വകുപ്പ് (GEDN-D1/156/2020, dated 03.01.2025)
6. ധനകാര്യ വകുപ്പ് (E-3053296/EXP-D3/20/2025-FIN, dated 27.02.2025)
7. പൊതുഭരണ(എസ്.സി) വകുപ്പ് (ഇനം നം: 2795, തീയതി 18.03.2025)
8. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ്&ന്യൂ മീഡിയ)
9. കരുതൽ ഫയൽ (എ2/7/2025)

ഉത്തരവിൻ പ്രകാരം
Signed by
Priya Vincent
Date: 21-03-2025 11:21:05
സെക്ഷൻ ഓഫീസർ

പകർപ്പ്-
ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസ്
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 18-03-2025

ഫയൽ നം. എ2/7/2025/റവ. ഇനം നം: 2795

വിഷയം : റവന്യൂ വകുപ്പ് - 1964-ലെ കേരള ഭൂമി പതിവ് ചട്ടം, ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷാധികാരം വിനിയോഗിച്ച് ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിൽ കരിങ്കുന്നം വില്ലേജിൽ ബ്ലോക്ക് നമ്പർ 15-ൽ റീസർവ്വെ നമ്പർ 213/4-ൽപ്പെട്ട 02.8328 ഹെക്ടർ ഭൂമി, കേന്ദ്രീയ വിദ്യാലയം ആരംഭിയ്ക്കുന്നതിനായി ആകെ ഭൂമിയ്ക്ക് 100/- രൂപ വാർഷിക പാട്ട നിരക്കിൽ കേന്ദ്രീയ വിദ്യാലയ സംഗതന് 30 വർഷത്തേയ്ക്ക് പാട്ടത്തിന് അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

19/3

19/3

2795

# കേരള സർക്കാർ

## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | എ 2/7/2025/റവ. |
| 2. | വകുപ്പ് | : | റവന്യൂ (എ) വകുപ്പ് |
| 3. | വിഷയം | : | 1964-ലെ കേരള ഭൂമി പതിവ് ചട്ടം, ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷാധികാരം വിനിയോഗിച്ച് ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിൽ കരിങ്കുന്നം വില്ലേജിൽ ബ്ലോക്ക് നമ്പർ 15 ൽ റീസർവ്വെ നമ്പർ 213/4 ൽ പ്പെട്ട 02.8328 ഹെക്ടർ ഭൂമി, കേന്ദ്രീയ വിദ്യാലയം ആരംഭിയ്ക്കുന്നതിനായി ആകെ ഭൂമിയ്ക്ക് 100/- രൂപ വാർഷിക പാട്ട നിരക്കിൽ കേന്ദ്രീയ വിദ്യാലയ സംഗതന് 30 വർഷത്തേയ്ക്ക് പാട്ടത്തിന് അനുവദിക്കുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 05/03/2025 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | : | അതെ |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട്. ധനകാര്യ വകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.സ്നേഹലത കെ |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ടിങ്കു ബിസ്വാൾ |
| 9. | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 11.03.2025 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ശാരദാ മുരളീധരൻ |
| 11. | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 14.03.2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.കെ.രാജൻ |
| 13. | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 17.03.2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 17.03.2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

1964-ലെ കേരള ഭൂമി പതിവ് ചട്ടം, ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷാധികാരം വിനിയോഗിച്ച് ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിൽ കരിങ്കുന്നം വില്ലേജിൽ ബ്ലോക്ക് നമ്പർ 15 ൽ റീസർവ്വെ നമ്പർ 213/4 ൽ 4.9000 ഹെക്ടർ സർക്കാർ തരിശ്ശിൽപ്പെട്ട 02.8328 ഹെക്ടർ ഭൂമി കേന്ദ്രീയ വിദ്യാലയം ആരംഭിയ്ക്കുന്നതിനായി ആകെ ഭൂമിയുടെ വാർഷിക പാട്ടം 100/- രൂപ നിരക്കിൽ നിബന്ധനകൾക്ക് വിധേയമായി കേന്ദ്രീയ വിദ്യാലയ സംഗതൻ എന്ന കേന്ദ്ര സർക്കാർ സ്ഥാപനത്തിന് 30 വർഷത്തേയ്ക്ക് പാട്ടത്തിന് അനുവദിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ് .

2. തൊടുപുഴ താലൂക്കിൽ കരിങ്കുന്നം വില്ലേജിൽ കേന്ദ്രീയ വിദ്യാലയം അനുവദിച്ച് ഉത്തരവായതിനെ തുടർന്ന് കേന്ദ്രീയ വിദ്യാലയ സംഗതൻ എറണാകുളം റീജിയണൽ ഡെപ്യൂട്ടി കമ്മീഷണർ ലീസ് അപേക്ഷ 17.01.2025-ൽ സമർപ്പിച്ചിരുന്നു. ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിൽ കരിങ്കുന്നം വില്ലേജിൽ ബ്ലോക്ക് നമ്പർ 15 ൽ റീസർവ്വെ നമ്പർ 213/4 ൽ 4.9000 ഹെക്ടർ സർക്കാർ തരിശ്ശിൽപ്പെട്ട 02.8328 ഹെക്ടർ ഭൂമി 99 വർഷത്തേയ്ക്ക് 100/- രൂപ വാർഷിക പാട്ടനിരക്കിൽ കേന്ദ്രീയ വിദ്യാലയ സംഗതന് നിർദ്ദിഷ്ട കേന്ദ്രീയ വിദ്യാലയം ആരംഭിയ്ക്കുന്നതിനായി പാട്ടത്തിന് അനുവദിക്കുന്നതിന് ജില്ലാ കളക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലാന്റ് റവന്യൂ കമ്മീഷണർ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി. നിർദ്ദിഷ്ട പാട്ടഭൂമി, കരിങ്കുന്നം വില്ലേജിൽ ബ്ലോക്ക് നമ്പർ 15 ൽ റീസർവ്വെ നമ്പർ 213/4 ൽ 4.9000 ഹെക്ടർ സർക്കാർ തരിശ്ശിൽപ്പെട്ട 02.8328 ഹെക്ടർ സ്ഥലമാണെന്നും ടി സ്ഥലം പ്ലാന്റേഷൻ - മ്രാല റോഡിൽ മ്രാല ഭാഗത്ത് തൊടുപുഴ - ഇടുക്കി റോഡിൽ നിന്നും സുമാർ 100 മീറ്റർ തെക്കുപടിഞ്ഞാറ് മാറി സ്ഥിതി ചെയ്യുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി വസ്തുവിന്റെ കിഴക്ക് സർവ്വെ നമ്പർ 213/1 ൽ പ്പെട്ട സ്ഥലവും വടക്ക്, പടിഞ്ഞാറ് അതിരുകളിൽ സർവ്വെ നമ്പർ 213/4 ൽപ്പെട്ട സ്ഥലവും തെക്ക് മുട്ടം വില്ലേജും സ്ഥിതി ചെയ്യുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

3. പ്രസ്തുത വസ്തു മലങ്കര റബ്ബർ എസ്റ്റേറ്റിന്റെ ഭാഗമായി വരുന്നതും 'Garden land without road access' വിഭാഗത്തിൽ ഉൾപ്പെടുന്നതുമാണെന്നും ടി വസ്തുവിന് ആർ ഒന്നിന് 3,96,000/- രൂപ കമ്പോളവില കണക്കാക്കാവുന്നതാണെന്നും പരാമർശ ഭൂമി ഭാവിയിൽ റവന്യൂ ഓഫീസുകൾ, ക്വാർട്ടേഴ്സുകൾ മന്ദിരങ്ങൾ എന്നിവയുടെ നിർമ്മാണത്തിനോ സമീപഭാവിയിൽ ഗവൺമെന്റിനോ പൊതു ആവശ്യങ്ങൾക്കോ വേണ്ടി വരില്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

4. പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി, കാസർഗോഡ് ജില്ലയിലെ നീലേശ്വരം എന്നീ കേന്ദ്രീയ വിദ്യാലയങ്ങൾക്കായി ഭൂമി അനുവദിച്ചപ്പോൾ പ്രസ്തുത ഭൂമിക്ക് മൊത്തമായി 100/- രൂപയാണ് വാർഷികപാട്ടമായി കണക്കാക്കി സർക്കാർ ഉത്തരവായിരിക്കുന്നതെന്നും പത്തനംതിട്ട ജില്ലയിലെ കോന്നി കേന്ദ്രീയവിദ്യാലയത്തിനു 99 വർഷ കാലാവധിക്ക് അനുവദിച്ചിട്ടുള്ള വസ്തുവിനു മൊത്തമായി 100/- രൂപയാണ് വാർഷിക പാട്ട നിരക്ക് നിശ്ചയിച്ച് സർക്കാർ ഉത്തരവായിരിക്കുന്നതെന്നും മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിൽ പ്രവർത്തിക്കുന്ന കേന്ദ്രീയ വിദ്യാലയത്തിന് 99 വർഷത്തേക്ക് 100/- രൂപ വാർഷിക പാട്ടനിരക്കിൽ ഭൂമി അനുവദിച്ചിട്ടുള്ളതാണെന്നും ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് . കേന്ദ്രീയ വിദ്യാലയത്തിനായി നാമമാത്രമായ നിരക്കായ 100/- രൂപ വാർഷിക പാട്ടം നിജപ്പെടുത്തി ഭൂമി കൈമാറി നൽകുക എന്നതാണ് നിലവിൽ സർക്കാർ കൈക്കൊണ്ടിട്ടുള്ള നയമെന്നും ആയതു ഈ കേസിലും പിന്തുടരാവുന്നതാണെന്നും ലാന്റ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്തിട്ടുണ്ട് .

5. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി.

"ഇടുക്കി ജില്ലയിലെ തൊടുപുഴയിൽ കരിങ്കുന്നം വില്ലേജിൽ കേന്ദ്രീയ വിദ്യാലയം ആരംഭിയ്ക്കുന്നതിനായി , കരിങ്കുന്നം വില്ലേജിൽ ബ്ലോക്ക് നമ്പർ 15 ൽ റീസർവ്വെ നമ്പർ 213/4 ൽ 4.9000 ഹെക്ടർ സർക്കാർ തരിശ്ശിൽപ്പെട്ട 02.8328 ഹെക്ടർ ഭൂമി 30 വർഷത്തേയ്ക്ക് (27.07.2011-ലെ സ. ഉ. (എം.എസ്) 280/2011/റവ ഉത്തരവ് പ്രകാരം ദീർഘകാല പാട്ടം 30 വർഷമായി നിജപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ) ആകെ ഭൂമിയുടെ വാർഷിക പാട്ടം 100/- രൂപ നിരക്കിൽ ചുവടെ ചേർത്തിട്ടുള്ള വ്യവസ്ഥകളോടെ കേന്ദ്രീയ വിദ്യാലയ സംഗതൻ എന്ന കേന്ദ്ര സർക്കാർ സ്ഥാപനത്തിന് മന്ത്രി സഭായോഗത്തിന്റെ പരിഗണനയ്ക്ക് വിധേയമായി പാട്ടത്തിന് അനുവദിയ്ക്കുന്നതിൽ ധനവകുപ്പിന് വിയോജിപ്പില്ല എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു .

i) ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമെ ഉപയോഗിക്കാവൂ .

ii) ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ പാടില്ല .

iii) ഭൂമി പാട്ടത്തിനു/ഉപപാട്ടത്തിനു / തറവാടകയ്ക്ക് നല്കുവാൻ പാടില്ല .

iv) ഭൂമി അനുവദിച്ച് ഒരു വർഷത്തിനുള്ളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ് .

v) ഭൂമി എല്ലാതരത്തിലുള്ള കൈയ്യേറ്റങ്ങളിൽ നിന്നും സ്ഥാപനം തന്നെ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കേണ്ടതാണ് .

vi) ഓരോ മൂന്നു വർഷം തോറും പാട്ടം പുതുക്കേണ്ടതാണ് .

vii) ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടില്ല . അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുമതി വാങ്ങിയശേഷമെ മുറിക്കുവാൻ പാടുള്ളൂ . കൂടാതെ മുറിക്കുന്നതിന്റെ മൂന്നിരട്ടി എണ്ണം വൃക്ഷതൈകൾ നട്ടു വളർത്തി പരിപാലിക്കേണ്ടതാണ് .

viii) പാട്ടതുക എല്ലാ സാമ്പത്തിക വർഷത്തിന്റെയും ആദ്യ മൂന്നു മാസത്തിനുള്ളിൽ തന്നെ ഒടുക്കേണ്ടതാണ് . പാട്ട വസ്തുവിൽ നിന്നും ഭാവിയിൽ റോഡ് വികസനം , സർവ്വീസ് ലൈനുകൾ സ്ഥാപിക്കൽ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് സ്ഥലം ആവശ്യമായി വരികയാണെങ്കിൽ ആയത് നിർബന്ധമായും നഷ്ടപരിഹാരം കൂടാതെ സർക്കാരിന് നൽകേണ്ടതാണ് .

ix) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ് .

ഇതിന് ബഹു ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്. "

6. ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിൽ കരിങ്കുന്നം വില്ലേജിൽ ബ്ലോക്ക് നമ്പർ 15 ൽ റീസർവ്വെ നമ്പർ 213/4 ൽ 4.9000 ഹെക്ടർ സർക്കാർ തരിശ്ശിൽപ്പെട്ട 02.8328 ഹെക്ടർ ഭൂമി നിർദ്ദിഷ്ട കേന്ദ്രീയ വിദ്യാലയം ആരംഭിയ്ക്കുന്നതിനായി ആകെ ഭൂമിയ്ക്ക് 100/- രൂപ വാർഷിക പാട്ടം നിരക്കിൽ നിബന്ധനകൾക്ക് വിധേയമായി കേന്ദ്ര സർക്കാർ സ്ഥാപനമായ കേന്ദ്രീയ വിദ്യാലയ സംഗതന് 30 വർഷത്തേയ്ക്ക് പാട്ടത്തിന് അനുവദിക്കുന്നത് സംബന്ധിച്ച വിഷയത്തിൽ ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്തപ്പോൾ പ്രസ്തുത വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിരുന്നു.

**തീരുമാനിക്കേണ്ട വിഷയം**

1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ, ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷാധികാരം വിനിയോഗിച്ച് ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിൽ കരിങ്കുന്നം വില്ലേജിൽ ബ്ലോക്ക് നമ്പർ 15 ൽ റീസർവ്വെ നമ്പർ 213/4 ൽ 4.9000 ഹെക്ടർ സർക്കാർ തരിശ്ശിൽപ്പെട്ട 02.8328 ഹെക്ടർ ഭൂമി കേന്ദ്രീയ വിദ്യാലയം ആരംഭിക്കുന്നതിനായി ആകെ ഭൂമിയുടെ വാർഷിക പാട്ടം 100/- രൂപ നിരക്കിൽ ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി കേന്ദ്രീയ വിദ്യാലയ സംഗതന് 30 വർഷത്തേയ്ക്ക് പാട്ടത്തിന് അനുവദിക്കാവുന്നതാണോ?

<u>നിബന്ധനകൾ</u>

i) ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ .

ii) ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ പാടില്ല.

iii) ഭൂമി ഉപപാട്ടത്തിന് / തറവാടകയ്ക്ക് നല്കുവാൻ പാടില്ല.

iv) ഭൂമി അനുവദിച്ച് ഒരു വർഷത്തിനുള്ളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ് .

v) ഭൂമി എല്ലാതരത്തിലുള്ള കൈയ്യേറ്റങ്ങളിൽ നിന്നും സ്ഥാപനം തന്നെ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കേണ്ടതാണ് .

vi) ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടില്ല . അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുമതി വാങ്ങിയശേഷമെ മുറിക്കുവാൻ പാടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ മൂന്നിരട്ടി എണ്ണം വൃക്ഷത്തൈകൾ നട്ടു വളർത്തി പരിപാലിക്കേണ്ടതാണ് .

vii) പാട്ടത്തുക എല്ലാ സാമ്പത്തിക വർഷത്തിന്റെയും ആദ്യ മൂന്നു മാസത്തിനുള്ളിൽ തന്നെ ഒടുക്കേണ്ടതാണ്. പാട്ട വസ്തുവിൽ നിന്നും ഭാവിയിൽ റോഡ് വികസനം, സർവ്വീസ് ലൈനുകൾ സ്ഥാപിക്കൽ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് സ്ഥലം ആവശ്യമായി വരികയാണെങ്കിൽ ആയത് നിർബന്ധമായും നഷ്ടപരിഹാരം കൂടാതെ സർക്കാരിന് നല്കേണ്ടതാണ് .

viii) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ് .